(2) നാലാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985–ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ബിൽ.

Minister for Industries (**Shri E. Ahammed**): Sir, I present the report of the Subject Committee on Kerala Cashew Factories (Requisitioning) Amendment Bill, 1985 together with the Bill, as reported by the Subject Committee.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 87–ാമതു റിപ്പോർട്ട്

ശ്രീ. എം.വി. രാഘവൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 87–ാമതു റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

V. ധനകാര്യം

1985–86-ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ്

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 1985–86 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 22–ാമതു റിപ്പോർട്ട്

ശ്രീ. എം.എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 22–ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(2) ബില്ലിന്റെ അവതരണം

1984–ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ.

ശ്രീ. കാനം രാജേന്ദ്രൻ: സർ, 1984–ലെ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബില്ല് ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly